# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2695 18.08.2017-ൽ മറുപടിയ്ക്ക്**

## സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇ-മാലിന്യ നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . ഷാഫി പറമ്പിൽ | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കെട്ടിക്കിടക്കുന്ന ഇ-മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) സ്കൂളുകളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ഇ-മാലിന്യ നിർമ്മാർജ്ജനത്തിനായി സർക്കാർ 20.6.2017 ൽ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാന ത്തിൽ ഓരോ സ്ഥാപനത്തിന്റെയും ഇ-മാലിന്യം തരംതിരിച്ച് വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഏത് സ്ഥാപനത്തെയാണ് പ്രസ്തുത ചുമതല ഏല്പിച്ചതെന്നും പദ്ധതി പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജനം എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ? | ബി) സർക്കാർ അധീനതയിലുള്ള 'ക്ലീൻ കേരള' കമ്പനിയെയാണ് ഇ-മാലിന്യ നിർമ്മാർജ്ജനത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. ആദ്യഘട്ടമായി 2010 വരെയുള്ള ഇ- മാലിന്യങ്ങൾ ഈ മാസം മുതൽ സ്കൂളുകളിൽ നിന്ന് നിർമ്മാർജ്ജനം ചെയ്തു തുടങ്ങും. ഇ- മാലിന്യ നിർമ്മാർജ്ജനം ഒരു തുടർ പ്രക്രിയയായാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻഓഫീസർ